**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4923** **14-03-2023 - ൽ മറുപടിയ്ക്ക്**

**കല്ലട്ക്ക-ചെർക്കള റോഡ് നിർമ്മാണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് നിയോജക മണ്ഡലത്തിലെ കല്ലട്ക്ക-ചെർക്കള റോഡ് ടെണ്ടർ ചെയ്ത് കരാർ ഒപ്പ് വെച്ചതും പ്രവൃത്തി തുടങ്ങിയതും എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | കല്ലട്ക്ക-ചെർക്കള റോഡ് പ്രവൃത്തി ടെൻഡർ ചെയ്തത് 12/07/2018-നും കരാർ ഒപ്പവച്ചത് 17/10/2018-നും ആകുന്നു. 25.10.2018-ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തു. പ്രവൃത്തി തുടങ്ങിയത് 21.01.2019-ൽ ആണ്. |
| (ബി) | ഈ റോഡിന്റെ എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത റോഡ് പ്രവൃത്തിയുടെ 78% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | എത്ര കോടി രൂപയുടെ പ്രവൃത്തിയാണിതെന്നും എത്ര കോടി രൂപയുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചതെന്നും വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ തുക 35,68,01,761 രൂപയാണ്. നാളിതുവരെ 27,87,11,193 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | കരാറുകാരന് ഇതുവരെ എത്ര രൂപ നൽകിയെന്ന് വ്യക്തമാക്കാമോ; | (ഡി) | കരാറുകാരന് നിലവിൽ 27,87,11,193 തുക വരെയുള്ള ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. |
| (ഇ) | ഇനി പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ വിശദാംശം നൽകാമോ; | (ഇ) | ബി.സി പ്രവൃത്തിയും, റോഡ് സുരക്ഷാ പ്രവൃത്തികളും ആണ് പൂർത്തിയാക്കാൻ ബാക്കിയുള്ളത്. |
| (എഫ്) | പ്രസ്തുത പ്രവൃത്തി നിലച്ചിട്ട് എത്ര കാലമായെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ? | (എഫ്) | 2022 മെയ് മാസമാണ് അവസാനമായി പ്രവൃത്തി ചെയ്തത്. ഇതിനു ശേഷം നിരന്തരം ആവശ്യപ്പെട്ടിട്ടും കരാറുകാരൻ ശേഷിച്ച പ്രവൃത്തികൾ ചെയ്യാൻ തയ്യാറായിരുന്നില്ല. ഇതിനനുബന്ധമായി കരാറുകാരന് ടെർമിനേഷന് മുന്നോടിയായ ഒന്നാം നോട്ടീസ് 10.11.2022-ന് നൽകിയിരുന്നു. ആയതിനു മറുപടിയായി കരാറുകാരൻ നിരക്ക് വർദ്ധന ലഭിച്ചാൽ മാത്രമേ ഇനി ശേഷിച്ച പ്രവൃത്തികൾ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും അല്ലാത്ത പക്ഷം ശേഷിച്ച പ്രവൃത്തികളിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടു. 2023 February 25-നു പ്രൊജക്ട് ഡയറക്ടർ കെ.ആർ.എഫ്.ബി - പി.എം.യു സ്ഥലം പരിശോധിക്കുകയും കെ.ആർ എഫ്.ബി എഞ്ചിനീയർമാരുമായി ചർച്ച |

| | | | |
|---|---|---|---|
| | | | നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ